തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുടിശ്ശിക

26 (*296) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികളുടെ ഏറി വരുന്ന കൂലി കുടിശ്ശിക ലഭ്യമാക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് 100 ദിവസം തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്ന സ്ഥിതിക്ക് തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ;

(സി) തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് അയയ്ക്കുമ്പോൾ നിർമ്മാണ സാമഗ്രികൾ വാങ്ങാനും ഭരണപരമായ ചെലവുകൾ നിർവഹിക്കുന്നതിനുമുള്ള ഫണ്ട് ഏങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) 1-1-2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസത്തിനകം മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്.ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാറാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധിതമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാദ്ധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപഞ്ചായത്തിലെ യഥാർത്ഥ തൊഴിലാവശ്യകതയുടെ അടിസ്ഥാനത്തിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഷെൽഫ് ഓഫ് പ്രോജക്ടുകളും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ കുടുംബങ്ങൾക്കും ആവശ്യാധിഷ്ഠിതമായി 100 പ്രവൃത്തി ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നൽകുകയും ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) തൊഴിലാളികളുടെ വേതനം നാഷണൽ ഇ.എഫ്.എം.എസ്. മുഖേന തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് കേന്ദ്ര സർക്കാർ നേരിട്ട് നൽകുന്ന രീതി 1-1-2016 മുതൽ അവലംബിച്ചിട്ടുണ്ട്. സാധന ഘടകത്തിന്റെ 75 ശതമാനവും ഭരണച്ചെലവിനത്തിലെ മുഴുവൻ തുകയും സംസ്ഥാന തൊഴിലുറപ്പ് നിധിയിലേക്ക് ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. സാധനഘടകത്തിന്റെ 25 ശതമാനം തുക സംസ്ഥാന വിഹിതമായി വഹിക്കേണ്ടതാണ്. ഈ തുക, ഇതിനോടകം തന്നെ തൊഴിലുറപ്പ് നിധിയിലേക്ക് കൈമാറിയിട്ടുണ്ട്.

നാളികേര കൃഷി

27 (*297) . ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര ഉല്പാദനക്ഷമത നിലവിൽ മറ്റ് സമീപ സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞു പോയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളികേര കൃഷി വികസനത്തിനായി നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; എത്ര തുക ചെലവഴിച്ചുവെന്ന കണക്ക് ലഭ്യമാണോ;

(ഡി) ഇത് എത്രത്തോളം ഫലപ്രദമായിരുന്നുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly